**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **14-03-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര മേഖലയിലെ വിദേശ സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ലിന്റോ ജോസഫ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര മേഖലയിൽ വിദേശ രാജ്യങ്ങളുമായുള്ള സഹകരണത്തിന് സംസ്ഥാനം മറ്റ രാജ്യങ്ങളുമായി ധാരണാ പത്രത്തിൽ ഒപ്പ വച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിനോദസഞ്ചാര മേഖലയിൽ വിദേശരാജ്യങ്ങളുമായുള്ള സഹകരണത്തിന് മറ്റരാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പവച്ചിട്ടില്ല. |
| (ബി) | കോവിഡാനന്തര ആരോഗ്യ പരിരക്ഷണത്തിൽ സംസ്ഥാനത്തിലെ ആരോഗ്യ, ആയുർവ്വേദ ചികിത്സാ രംഗത്തെ മെച്ചപ്പെട്ട സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും മറ്റ രാജ്യങ്ങൾക്ക് കൂടി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്ന രീതിയിൽ ഈ രംഗത്തെ മാറ്റുന്നതിനായി ടൂറിസം വകുപ്പ് പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കോവിഡാനന്തരം ആയുർവ്വേദ ടൂറിസത്തിന് മികച്ച സാധ്യതയാണ് ടൂറിസം വകുപ്പ് കാണുന്നത്. അതുകൊണ്ടുതന്നെ ആയൂർവ്വേദ പ്രമോഷന് മുൻഗണന നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം വകുപ്പ് പങ്കെടുക്കുന്ന അന്തർദ്ദേശീയ, ദേശീയ ടൂറിസം ഫെയറുകളിലും മറ്റും ആയൂർവ്വേദത്തിന് പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. കൂടാതെ ആയൂർവ്വേദ പ്രമോഷന്റെ ഭാഗമായി പ്രത്യേക ഫിലിമുകളും നിർമ്മിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഒരു കായലോര ഗ്രാമം ലോക പ്രശസ്ത ടൂറിസം മാഗസിനായ കോണ്ട് നാസ്റ്റ് ട്രാവലറിൽ ഇടം നേടിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വില്ലേജ് ടൂറിസത്തിന് ആഗോളതലത്തിൽ പ്രചരണം നടത്തുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുമോ; | (സി) | കേരളത്തിന്റെ ജീവിതരീതിയും, കൃഷിയും തൊഴിലും എല്ലാം ഇന്ന് വിനോദസഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഇത് തിരിച്ചറിഞ്ഞുകൊണ്ട് റെസ്പോൺസിബിൾ മിഷൻ വഴി വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എന്ന പ്രത്യേക ടൂറിസം പാക്കേജുകൾ നടപ്പാക്കി വരുന്നു. അതോടൊപ്പം തന്നെ ടൂറിസം വകുപ്പ് മാർക്കറ്റിംഗ് ക്യാമ്പയിന്റെ ഭാഗമായി വില്ലേജ് ടൂറിസത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | കേരള ക്രേവിംഗ്സ് ക്യാംപെയിൻ കൂടുതൽ വിമാനത്താവളങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാനായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ക്രേവിംഗ്സ് ക്യാമ്പയിൻ ടൂറിസം വകുപ്പ് നടപ്പാക്കുന്ന ക്യാമ്പയിനല്ല. |

സെക്ഷൻ ഓഫീസർ